# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *224 — 06.11.2019-ൽ മറുപടിയ്ക്ക്.

## പ്രളയാനന്തരം ക്ഷീരമേഖലയെ സഹായിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയവും മഴക്കെടുതിയും മൃഗസംരക്ഷണ മേഖലയെ ദോഷകരമായി ബാധിച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (എ) തുടർച്ചയായി ഉണ്ടായ രണ്ട് പ്രളയം മൃഗസംരക്ഷണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2018 ലെ പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടമാണ് മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായത്. |
| (ബി) ഇതുമൂലം ക്ഷീരോല്പാദനത്തിൽ വൻ ഇടിവ് സംഭവിച്ചിട്ടുണ്ടോ; | (ബി) 2018 ലെ പ്രളയം മൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ ഇടിവുണ്ടായി. 2019 ലെ പ്രളയം മൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ 1.26 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി. |
| (സി) ക്ഷീരമേഖലയെ സഹായിക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) പ്രളയക്കെടുതികൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഡയറക്ടറേറ്റ് തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി കർഷകർക്ക് സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രളയ മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തി .<br>പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിക്കുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് |

തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി ലഭ്യമാക്കി. കൂടാതെ ജയിൽ വകുപ്പിന്റെ സഹായത്തോടെ പ്രളയം ബാധിച്ച പ്രദേശങ്ങളിൽ പച്ചപുല്ല് വിതരണം നടത്തിയിട്ടുണ്ട്.

2018, 2019 വർഷങ്ങളിൽ പ്രളയവും പ്രകൃതിക്ഷോഭവും ബാധിച്ച പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപ വീതം വകയിരുത്തി ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം 2018-19, 2019-20 വർഷങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

2018 പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി.

പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ്, തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖല ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് വഴി നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ്, അമുൽ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. കൂടാതെ 2018 ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ ഏഴ് ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകന് ഇത് പ്രകാരം യൂണിറ്റ് ഒന്നിന് 59400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

2019 പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗ ചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം

രൂപ ചെലവഴിച്ച് പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019 ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) ക്ഷീരമേഖലയിൽ പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷീരമേഖലയിൽ പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ കർഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) എല്ലാ ക്ഷീരകർഷകർക്കും അവരുടെ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(ഇ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി ക്ഷീരകർഷകർക്ക് പരിരക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് .

നിലവിൽ സംസ്ഥാനത്ത് ഗോസമൃദ്ധി പ്ലസ് 2018-19, NLM പ്ലസ് 2017-18 എന്നീ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.

2019-20 സാമ്പത്തിക വർഷത്തെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി NLM 2019-20 പദ്ധതിയുടെ ഉദ്ഘാടനം 2019 ഒക്ടോബർ മാസം 26-ാം തീയതി തിരുവല്ലയിൽ നടത്തുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ കറവ പശുക്കളെയും, എരുമകളെയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിനുള്ള മാസ്റ്റർ പോളിസി മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**